"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ-ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിതനായ ശ്രീ. സന്തോഷ് കുമാർ കെ.വി - യുടെ അന്യത്രസേവനകാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.165/2022/ത.സ്വ.ഭ.വ — തീയതി, തിരുവനന്തപുരം, 21/01/2022

പരാമർശം:-
1. സ.ഉ(സാധാ) നം. 70/2021//തസ്വഭവ തീയതി 11/01/2021.
2. തസ്വഭവകുപ്പ് ചീഫ് എഞ്ചിനീയറുടെ 06/01/2022-ലെ E1/14038/16/CF/LSGD നമ്പർ നിരാക്ഷേപ പത്രം.
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10/01/2022 തീയതിയിലെ LM4/10/2017/LIFE/1 HQ/Est നമ്പർ കത്ത്.

<u>ഉത്തരവ്</u>

13/01/2021 മുതൽ ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയർ ആയി അന്യത്ര സേവന വ്യവസ്ഥയിൽ പരാമർശം (1) ഉത്തരവ് പ്രകാരം സേവനമനുഷ്ഠിക്കുന്ന ശ്രീ. സന്തോഷ് കുമാർ കെ.വി യുടെ അന്യത്ര സേവന കാലാവധി 12/01/2022-ൽ അവസാനിക്കുകയാണെന്നും ലൈഫ് മിഷനിൽ വിവിധ ജില്ലകളിൽ പ്രീഫാബ് സാങ്കേതിക വിദ്യാ അടിസ്ഥാനമാക്കിയുള്ള ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും ടി പ്രവർത്തനങ്ങളുടെ ഏഴ് ജില്ലകളിലെ മേൽനോട്ട ചുമതല ശ്രീ. സന്തോഷ് കുമാർ കെ.വി യാണ് നിർവ്വഹിക്കുന്നതെന്നും ആയതിനാൽ ശ്രീ.സന്തോഷ് കുമാർ കെ.വി യുടെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടിയാൻ തുടർന്നും ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയർ ആയി സേവനമനുഷ്ഠിക്കുന്നതിന് എതിർപ്പില്ലെന്നറിയിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം നിരാക്ഷേപ പത്രം സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ സിവിൽ എഞ്ചിനീയർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ. സന്തോഷ് കുമാർ കെ.വി യുടെ അന്യത്രസേവനം 13/01/2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ. സന്തോഷ് കുമാർ കെ.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(ചീഫ് എഞ്ചിനീയർ, തസ്വഭ വകുപ്പ് മുഖാന്തിരം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reen

സെക്ഷൻ ഓഫീസർ